കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gamil.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-പി 18-22 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

ഇ-മെയിൽ - dopkd.ksad@kerala.gov.in.

തീയതി.06.01.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

തിരുവനന്തപുരം (ഇ മെയിൽ മുഖേന)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം കെ എസ് എ-പികെഡി-
പി18-22/2016 തിയ്യതി: 06.01.2017.

**പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.05.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01-042016 മുതൽ 31-05-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 6/2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ചആകെ രശീതികളുടെ എണ്ണം |
|---|---|
| മാനുവൽ രശീതികൾ - 14747-14748, 27433-27435, | 5 |
| സാംഖ്യ രശീതികൾ - 1630001-1631051 | 1051 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം,

| | | |
|---|---|---|
| | ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ. |
| | ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.16മുതൻ 20.10.16വരെ |
| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
| 1 | ശ്രീ.അരവിന്ദാക്ഷൻ കെ വി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.രാമകൃഷ്ണൻ കെ പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.അനില സി എസ് | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ഗീത രാജേന്ദ്രൻ,<br>ചക്രായി, തിരുവഴിയാട്<br>പിൻ. 678510 | 01.04.2015 മുതൽ<br>31.10.2015 വരെ |
| പ്രസിഡന്റ് | | അഡ്വ. കെ. സുകുമാരൻ<br>കൊടക്കാട്ടിൽ വീട്<br>വീഴ് ലി, കയറാടി<br>പിൻ. 678510 | 01.11.2015 മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | കെ. നടരാജൻ,<br>ശ്രീലകം,<br>ചക്കാന്തറ,<br>നെന്മാറ | 01.04.2015<br>മുതൽ<br>31.03.2016 വരെ |
| | | |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ്<br>എഞ്ചിനീയർ | അബ്ദുൾ സലാം എ.<br>ഹിദായത്ത് മൻസിൽ<br>പള്ളിമുക്ക്,പേയാട്, | 01.04.2015മുതൽ<br>10.07.2015 വരെ |

| | | |
|---|---|---|
| | തിരുവനന്തപുരം | |
| അസിസ്റ്റന്റ് എഞ്ചിനീയർ | രമേഷ്. എം<br>ചിറ്റടിക്കളം<br>കരിപ്പോട് | 11.07.2015 മുതൽ<br>12.08.2015 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | തോമസ്.പി. ജോൺ<br>പൂച്ചാലിൽ വീട്<br>പുത്തൻവേലിക്കര<br>നോർത്ത് പറവൂർ | 13.08.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | സിനീഷ്<br>മഠത്തിൽപറമ്പിൽ<br>വെള്ളാനിക്കര<br>തൃശ്ശൂർ | 01.04.2015മുതൽ<br>29.12.2015 വരെ |
| കൃഷി ഓഫീസർ | കെ.എം. റസൂൽ ഹാരിസ്<br>കണ്ടൻകോട് കളം<br>വേങ്ങന്നൂർ<br>ആലത്തൂർ -678541 | 30.12.2015 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. മഹേഷ്,<br>ചിറ്റിലന്ചേരി,<br>ഫോൺ. 9447881579 | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. വി. വിജയൻ<br>അളുവശ്ശേരി<br>പോത്തുണ്ടി, നെന്മാറ | 01.04.2015മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഷെനിം. പി. മെഴ്സിലി | 01.04.2015മുതൽ<br>31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കെ. ശിവദാസൻ<br>ശ്രീശൈലം<br>പൊന്നാരംപള്ളം<br>വടവന്നൂർ, പാലക്കാട് | 01.04.2015മുതൽ<br>31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഫാജിഷ് വഹാബ്<br>മുതലമട | 01.04.2015 മുതൽ<br>31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശാന്ത സി.ജി<br>നിസ്സി, ചാത്തമംഗലം | 01.04.15മുതൽ<br>31.03.16വരെ |
| | പേഴുംപാറ | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയപ്രകാശ് | 01.04.2015മുതൽ |

| | | |
|---|---|---|
| | | 28.06.2015 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | റജീന | 29.06.2015മുതൽ<br>31.03.2016 |
| ഹെഡ്മാസ്റ്റർ | മുരളീധരൻ | 01.04.2015 മുതൽ<br>31.03.2016 വരെ |

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽ നികതി | 2(1) |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽ നികുതി | 2(1) |
| 2 | വാടക | 2(2) |
| 3 | ഡി & ഒ ലൈസൻസ് | 2(3) |
| 4 | കെട്ടിടനിർമ്മാണം – ക്രമവത്ക്കരണം | 2(4) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | 0.4mm ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചിട്ടുള്ളതിന് അനുവദനീയമായതിനേക്കാൾ കൂടിയ നിരക്ക് അനുവദിച്ചു | 3(1) |
| 2 | ചക്രായി-നൂറം കുടിവെള്ള പദ്ധതി എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കുഴൽകിണർ കുഴിച്ചില്ല | 3(2) |
| 3 | അടിപ്പെരണ്ട ബസ്സ് സ്റ്റാന്റ് പ്രയോജനപ്പെടുത്തിയില്ല | 3(3) |
| 4 | അയിലൂർ ബസ്സ് സ്റ്റാന്റിലെ ടോയ് ലറ്റ് ബ്ളോക്ക് പൂർത്തീകരിച്ചെങ്കിലും പ്രയോജനപ്പെടുത്തുന്നില്ല | 3(4) |
| 5 | ജില്ലാ പഞ്ചായത്ത് ഗ്രാമ പഞ്ചായത്തിന് കൈമാറിയ കുടുംബശ്രീ വിപണനകേന്ദ്രം പ്രയോജനപ്പെടുത്തുന്നില്ല | 3(5) |
| 6 | തെരുവ് വിളക്ക് AMC -കരാറുകാരന് അധിക തുക നൽകി | 3(6) |
| 7 | KWA യുടെ നിയന്ത്രണത്തിലുള്ളതും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 130 | 3(7) |

| | | |
|---|---|---|
| | പൊതുടാപ്പുകളുടെ വെള്ളക്കരം - പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല | |
| | മുൻകൂർ തുക നൽകിയത് -ക്രമീകരിച്ചിട്ടില്ല | 3(8) |
| | തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ് | 3(9) |
| | EMS ഭവന നിർമ്മാണ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3(10) |
| | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3(11) |
| | വികലാംഗർക്ക് ഉപകരണം നൽകൽ- വിതരണം ചെയ്യാത്ത ഉപകരണം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(12) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1 പൊതുഅവലോകനം

1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./ തിയ്യതി | 28.03.2015 ലെ തീരുമാനം നം. 1 |

1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-7-2016 | 22-8-2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45619237 |

| | |
|---|---|
| വരവ് | 55049371 |
| ആകെ | 100668608 |
| ചെലവ് | 86750109 |
| നീക്കിയിരിപ്പ് | 13918499 |

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ട്കളിൽ നിന്നും പിൻ വലിച്ച് നിക്ഷേ പിച്ച തുക | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരി പ്പ് (RP40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 6342774 | 7259066<br>4726009<br>352615 | 0 | 18680464 | 15774828 | 2905636 to govt. | 0 |
| വിക സന ഫണ്ട് എസ്.സി.പി | 2515550 | - | 6336845 | 8852395 | 8499780 | 352615 | 0 |
| വികസന ഫണ്ട് | 127900 | - | 343134 | 471034 | 471034 | - | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ടി എസ് പി | | | | | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 7419157 | 400666 | 19706772 | 27526595 | 27526595 | - | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 3063764 | - | 2448898 | 5512662 | 5111996 | 400666 | 0 |
| 14-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 6134105 | - | 8457258 | 14591363 | 7332297 | 7259066 | 0 |
| ലോകബാങ്ക് | 4726009 | - | 2474389 | 7200398 | 2474389 | 4726009 | 0 |

I-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 275 | 203 | 16 | 56 | 73.8 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ | 184 | 154 | 58019943 | 47731866 | 82 |
| സെക്രട്ടറി | 47 | 30 | 11429743 | 7851043 | 69 |

| | | | | | |
|---|---|---|---|---|---|
| അസി. സെക്രട്ടറി | 8 | 8 | 4844450 | 4081950 | 84 |
| കൃഷി ഓഫീസർ | 3 | 2 | 3890050 | 2223600 | 57 |
| മെഡിക്കൽ ഓഫീസർ<br>പിഎച്ച് സി | 3 | 3 | 879300 | 822108 | 93 |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | 3 | 3 | 423275 | 423275 | 100 |
| വി ഇ ഒ | 6 | 4 | 3515000 | 1841500 | 52 |
| ലേഡി<br>വി ഇ ഒ | 5 | 1 | 6938400 | 45000 | .64 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5 | 5255766 | 2811655 | 53.5 |
| ഹെഡ്മാസ്റ്റർ | 8 | 8 | 1766190 | 1693990 | 96 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 900000 | 100 |

I-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3174850 | 1111095 | 2063755(-) | 65 (-) |
| നികുതിയേതരവരവുകൾ | 235531 | 331610 | 96079 (+) | 41(+) |
| മറ്റു വരവുകൾ<br>ഇനം തിരിച്ച്<br>(പിഴ<br>റോഡ് കട്ടിംഗ്<br>ടെണ്ടർ ഫോറം<br>ലേലം<br>മറ്റുള്ളവ) | 296790 | 189089<br>(27917<br>+3200<br>+141566<br>+15950<br>+456) | 107701 (-) | 36(-) |

| | | | | |
|---|---|---|---|---|
| ആകെ | 3707171 | 1631785 | 2075386(-) | 56(-) |

തനതുവരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

I-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവഹണത്തിലെ കാര്യപ്രാപ്തി

| പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23 | ഒന്നുമില്ല | | അന്വേഷണറിപ്പോർട്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസമാണ് തീരുമാനമെടുക്കുന്നതിന് വിഘാതമായി നിൽക്കുന്നത്. ആയതിനാൽ അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ അന്വേഷണറിപ്പോർട്ടുകൾ ലഭിക്കാത്തപക്ഷം കർശന നടപടികൾ സ്വീകരിക്കുന്നത് ഈ മേഖലയിലെ കാലതാമസം ഒഴിവാക്കാൻ സഹായിക്കും |
| തൊഴിൽ രഹിത വേതനം | 8 | | | |
| വിധവാ പെൻഷൻ വികലാംഗ പെൻഷൻ | 111 | | | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 21 | | | |
| വാർദ്ധക്യകാല പെൻഷൻ | 333 | | | |

അപേക്ഷകൾ 5മാസത്തിനുശേഷം മാത്രമാണ് തീർപ്പുകൽപ്പിക്കുന്നത്. രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

I-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12880രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|

| | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശ ങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.5.16 | 1.04.16-31.05.16 | 10.08.16 | ഇല്ല |
| അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 01.01.2015 -17.01.2015 | 2009-10 – 2013-14 | 30.03.15 | ഇല്ല |

I-11 അനുബന്ധ പത്രികകൾ

1 – ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 – സ്കോർ കാർഡ്

3 – നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ഗ്രാമീണ വനിത ബാങ്ക് | I &II |
| ക്ഷീരോത്പാദന സഹകരണ സംഘം- കല്ലുംപാടം, കയറാടി, മാങ്കുറിശ്ശി, തലവട്ടാംപാറ | I &II |

| | |
|---|---|
| | |
| ക്ഷീരോത്പാദന സഹകരണ സംഘം- അടിപ്പെരണ്ട, കല്ലൻപ്പറമ്പ് | II |
| കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി, അയിലൂർ | I &II |
| തിരുവാഴിയോട് പോസ്റ്റ് ഓഫീസ് | I &II |
| ശബരി സെൻട്രൽ സ്കൂൾ, അയിലൂർ | I |
| മാങ്കുറിശ്ശി ആപ്കോസ് | I &II |
| പ്രഭാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I &II |
| എക്സലന്റ് എന്റർപ്രൈസസ് (ഡി ഓ ലൈസൻസ് പ്രകാരം 6 ജോലിക്കാർ) | I &II |

2) 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| അയിലൂർ സർവീസ് സഹകരണ ബാങ്ക് | I & II |
| ക്ഷീരോത്പാദന സഹകരണ സംഘം- അടിപ്പെരണ്ട, കല്ലൻപ്പറമ്പ്, കയറാടി, മാങ്കുറിശ്ശി, തലവട്ടാംപാറ | I & II |
| മാവേലി സ്റ്റോർ, അടിപ്പെരണ്ട | I & II |
| കോപ്പറേറ്റീവ് ക്രെഡിറ്റ് | I & II |

| | |
|---|---|
| സൊസൈറ്റി, അയിലൂർ | |
| മാങ്കുറിശ്ശി ആപ്കോസ് | I & II |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അയിലൂർ | I & II |
| ലക്ഷ്മി വുഡ് വർക്സ് | I & II |

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി റിട്ടേണുകൾ സ്ഥാപന മേധാവികളിൽ നിന്നും ലഭ്യമാക്കി വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 5/17.10.16-ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 വാടക കുറവായി ഈടാക്കിയിരിക്കുന്നു

മുൻവർഷത്തെ തുകയിൽ 5% വർദ്ധനവ് വരുത്തിയാണ് (13.03.2015-ലെ പഞ്ചായത്ത് തീരുമാനം നം. 4) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കിയിരിക്കുന്നത്. എന്നാൽ അയിലൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 2/260(3)-ം നമ്പർ കെട്ടിടത്തിന് ഈ തീരുമാനം നടപ്പാക്കാത്തതിനാൽ വാടക കുറവായി ഈടാക്കിയിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| കൈവശക്കാരൻ | 2015-16 | | 2015-16-ൽ കുറവായി ഈടാക്കിയത് |
|---|---|---|---|
| | പ്രതിമാസം ഈടാക്കിയത് | പ്രതിമാസം ഈടാക്കേണ്ടത് | |
| ശിവകുമാർ, കുന്നത്ത് വീട് അയിലൂർ | 483 | 507 | 288(24x12) |

വാടകയിനത്തിൽ തൻവർഷം കുറവായി ഈടാക്കിയ 288രൂ കൈവശക്കാരനിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19.10.16) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച ലൈസൻസുകളുടെ എണ്ണം, ലൈസൻസ് ഫീസിനത്തിൽ ലഭിച്ച വരവ് എന്നിവ താഴെ ചേർക്കുന്നു.

| | 2014-15 | 2015-16 |
|---|---|---|

| | | |
|---|---|---|
| ലൈസൻസുകളുടെ എണ്ണം | 210 | 169 |
| ഫീസിനത്തിലെ വരവ് | 29700 | 33100 |

2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസുകളുടെ എണ്ണം 2014-15-ൽ അനുവദിച്ചതിനേക്കാൾ 41എണ്ണം കുറവാണ് . 14-15 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പിന്നീട് നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളോ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരങ്ങളോ ഇത് സംബന്ധിച്ച് ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമായില്ല. സ്ഥാപനങ്ങൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളുണ്ടെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റ് അന്വേഷണം 15/19.10.16-പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ നെൽകൃഷിയുള്ള മേഖലയും ഗ്രാമീണമേഖലയും ആയതിനാൽ കൊയ്ത്ത് സീസൺ മുൻനിർത്തി തുടങ്ങുന്ന പല കടകളും സീസൺ കഴിഞ്ഞാൽ നിർത്തിപോകുന്നതുകൊണ്ടാണ് ലൈസൻസിന്റെ എണ്ണത്തിൽ കുറവ് വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിച്ച് ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 <u>അനധികൃത കെട്ടിടനിർമ്മാണം- ക്രമവത്ക്കരണം സംബന്ധിച്ച്</u>

റീസർവ്വേ നം. 323/6- ൽ (കയറാടി വില്ലേജ്) ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. എം ബി മോഹൻദാസ്, ശ്രീമതി സി പാർവ്വതി എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 434.02 ച.മീ വിസ്തൃതിയിലുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടം അനധികൃതമായി നിർമ്മാണം നടത്തുകയും ആയത് ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകാതെ തന്നെ കല്യാണമണ്ഡപമായി ഉപയോഗപ്പെടുത്തുകയും മുൻവർഷങ്ങളിൽ വാടകലഭ്യമാക്കുകയും ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിടം ക്രമവത്കരിക്കുന്നതിനായി ശ്രീ. എം ബി മോഹൻദാസ് 4.11.2009 മുതൽ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന് മുകളിലൂടെ ഹൈടെൻഷൻ വൈദ്യുതി കമ്പികൾ കടന്നുപോകുന്നതിനാൽ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും അനുമതിപത്രം ലഭ്യമാകാത്തതിനാൽ നിർമ്മാണം ക്രമീകരിച്ചിട്ടില്ല.

നിയമാനുസൃതം കെട്ടിട നമ്പർ നൽകാൻ കഴിയാത്തപക്ഷം അവ അനധികൃത കെട്ടിടനിർമ്മാണമായി കണക്കാക്കി പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 6/18.10.16-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടം കെട്ടിട നിർമ്മാണചട്ടം നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നും കെട്ടിടത്തിന് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും അനുമതിപത്രം ലഭിക്കാത്തതിനാലാണ് ക്രമവത്ക്കരിച്ച് നമ്പർ നൽകാൻ കഴിയാതെ വന്നിരിക്കുന്നതെന്നും ടി കെട്ടിടം അനധികൃത കെട്ടിടനിർമ്മാണമായി കണക്കാക്കി മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 0.35mm ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചിട്ടുള്ളതിന് അനുവദനീയമായതിനേക്കാൾ കൂടിയ നിരക്ക് അനുവദിച്ചു

പഞ്ചായത്ത് തൻവർഷം ഏറ്റെടുത്തു നടത്തിയ വിവിധ പ്രവൃത്തികളിൽ 0.50mm GI പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും 836.88\m2, നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 0.35 mm കനമുള്ള ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. 0.35 mm കനമുള്ള ഷീറ്റിന് നിരീക്ഷണ ഡാറ്റ പ്രകാരം 545/m2 നിരക്കാണ് അനുവദിക്കാവുന്നത്. ഇതു സംബന്ധിച്ച 18.10.2016ന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4 ന് ലഭ്യമാക്കിയ മറുപടിയിൽ ഇവ അന്വേഷണവിധേയമാക്കി അധികം തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിരീക്ഷണ ഡാറ്റയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | Unit | Qunty | Rate | Amount |
|---|---|---|---|---|
| GI Profile Sheet | $m^2$ | 233.65 | 261 | 60982.65 |
| Carriage sheet | Ls | 104.00 | 1.78 | 182.12 |
| G.Steel J or L hook | 10 nos | 476.00 | 120 | 5712 |
| Bitumen washer | 100 nos | 476.00 | 30 | 142.8 |
| G.I Plain washer | 100 nos | 476.00 | 35 | 166.60 |
| Bolt and Nuts | Ls | 39.52 | 1.78 | 70.35 |
| Labour mistry | day | 2.34 | 435 | 919.62 |
| Carpenter | day | 9.34 | 399 | 3371.74 |
| Beldar | day | 9.34 | 329 | 2773.98 |
| Total | | | | 74339.21 |

Add Water Charge 1% – 743.39

Total = 75082.60

Add CP+OH 15%= 11262.39

Total = 86344.99

86344.99/216 = 399.75 =400

Add Cost Index -1.3619 = 545.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ഷീറ്റിന്റെ കനം, വിസ്തീർണ്ണം, | ഉപയോഗിച്ച ഷീറ്റിന്റെ വിസ്തീർണ്ണം, അനുവദിച്ച | അധികം നൽകിയ തുക |
|---|---|---|---|---|

| | | നിരക്ക്, നൽകാവുന്ന തുക | നിരക്ക് , നൽകിയ തുക | |
|---|---|---|---|---|
| 1 | ചുണ്ടങ്ങമട ശ്മശാനം ഷെഡ്ഡ് നിർമ്മാണം<br>പ്രൊ.നം 69/15-16<br>അടങ്കൽ 500000<br>ചെലവ് 449123<br>ബിൽ നം 37/15-16 dt. 30.7.2015<br>കരാറുകാരൻ- അബ്ദുൾഖാദർ<br>എം.ബുക്ക് നം. 131,132,133/14-15 | 0.35mm<br>66.11m2<br>545/m2<br>36030രൂ | 66.11m2<br>836.88/m2 55326രൂപ | 19296രൂപ |

മേൽ പ്രവൃത്തികളിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ നൽകിയ 19296/-രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

പ്രവൃത്തികൾ നിർവ്വഹിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലാണെന്ന് ഉറപ്പു വരുത്തേണ്ടതും നിർവ്വഹിച്ച പ്രവൃത്തികളുടെ അളവുകൾ മാത്രമാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 ചക്രായി-നൂറം കുടിവെള്ള പദ്ധതി എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കുഴൽകിണർ കുഴിച്ചില്ല

ചക്രായി-നൂറം കുടിവെള്ള പദ്ധതിക്കുവേണ്ടി 152മീ.ആഴത്തിൽ 150 mm കുഴൽകിണർ കുഴിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തുകയും ആയതനുസരിച്ച് കൺവീനർക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 19.10.2016 2.30pm ന് പഞ്ചായത്ത് അസി.സെക്രട്ടറിയുടെയും ഓവർസീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനാ സമയത്ത് 126 മീ(420 അടി) മാത്രമാണ് താഴ്ത്തിയിട്ടുള്ളത് എന്ന് നിലവിലുള്ള പമ്പ് ഓപ്പറേറ്ററും കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സെക്രട്ടറിയും അറിയിക്കുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | എം.ബുക്ക് പ്രകാരം ആഴം | നൽകിയ തുക. നിരക്ക് | യഥാർത്ഥത്തിൽ കുഴിച്ചത് | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| ചക്രായി-നൂറം കുടിവെള്ള പദ്ധതി<br>പ്രൊ.നം 184/15-16<br>(scp) | 152M<br>(506.7അടി) | 91200രൂ<br>@600/m | 126M<br>(420<br>അടി) | 75600 | 15600രൂ |

| | | | | | |
|---|---|---|---|---|---|
| അടങ്കൽ<br>285000<br><br>ചെലവ്<br>277305<br><br>ബിൽ നം<br>162/15-16 dt.<br>31.3.2016<br><br>എം.ബുക്ക് നം<br><br>63/15-16<br><br>കരാറുകാരൻ-<br>അജ്മൽ | | | | | |

ഈ വസ്തുത അന്വേഷണവിധേയമാക്കി അധികം നൽകിയ തുക ഉത്തരവാദികളിൽനിന്നും തിരികെ ഈടാക്കേണ്ടതും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 അടിപ്പെരണ്ട ബസ്സ് സ്റ്റാന്റ് പ്രയോജനപ്പെടുത്തിയില്ല

പ്രൊജക്റ്റ് നം - 204/14-15 , 73/16

അടങ്കൽ - 1100000

ചെലവ് - 1100000

ബിൽ നം - 59/16 dt.18.1.16

അടിപ്പെരണ്ട ഷോപ്പിങ് കോംപ്ലക്സിലെ 11 മുറികളുടെ വാടക കൂടുതൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ സ്ഥലത്ത് പുതിയ ബസ്സ് സ്റ്റാന്റ് പണികഴിപ്പിച്ച് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനും നിലവിലുള്ള വാടക 420 രൂപ എന്ന തുച്ഛമായ തുകയിൽ നിന്നും ഉയർത്തി പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കുന്നതിനുംവേണ്ടി 1100000/- രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 19.10.2016 2.30pm-ന് പഞ്ചായത്ത് അസി.സെക്രട്ടറിയുടെയും ഓവർസീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ബസ്സ് സ്റ്റാന്റ് പ്രയോജനപ്പെടാതെ നിലകൊള്ളുന്നതായി കാണപ്പെട്ടു. ബസ്സുകൾക്ക് കയറി ഇറങ്ങാനും പാർക്കുചെയ്യാനുമുള്ള അടിസ്ഥാന സൌകര്യം ഒരുക്കിയിട്ടുണ്ടെങ്കിലും ബസ്സുടമകൾ സഹകരിക്കാത്തതാണ് പരാജയത്തിനു കാരണമെന്ന് വിശദീകരിക്കപ്പെട്ടു. ആർ.റ്റി ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് പ്രശ്നം പരിഹരിക്കാത്തപക്ഷം ഇതിനു വേണ്ടി ചെലവഴിച്ച 1100000 രൂപ പാഴ്ച്ചെലവായിത്തീരുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 അയില്ലൂർ ബസ്സ് സ്റ്റാന്റിലെ ടോയ് ലറ്റ് ബ്ളോക്ക് പൂർത്തീകരിച്ചെങ്കിലും പ്രയോജനപ്പെടുത്തുന്നില്ല

പ്രൊജക്റ്റ് നം - 258/15-16

അടങ്കൽ - 401391

ചെലവ് - 357780

ബിൽ നം - 167/16 dt.31.3.16

എം ബുക്ക് നം - 102B/15-16

അയിലൂർ ബസ്സ് സ്റ്റാന്റിനോടു ചേർന്ന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12 കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ് സ്റ്റാന്റിലേക്ക് കയറുന്ന ബസ്സുകൾ എന്നിവയെ മുന്നിൽ കണ്ടുകൊണ്ട് 357780 രൂപ ചെലവിൽ 4 മുറികളുള്ള ടോയ് ലറ്റ് ബ്ലോക്കിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 19.10.2016 2.30pm ന് പഞ്ചായത്ത് അസി.സെക്രട്ടറിയുടെയും ഓവർസീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ടോയ് ലറ്റ് ബ്ലോക്ക് അടഞ്ഞുകിടക്കുന്നതായി കാണപ്പെട്ടു. ടോയ് ലറ്റ് നടത്തിപ്പിനുവേണ്ടി ലേലം ചെയ്ത് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ജില്ലാ പഞ്ചായത്ത് ഗ്രാമ പഞ്ചായത്തിന് കൈമാറിയ കുടുംബശ്രീ വിപണനകേന്ദ്രം പ്രയോജനപ്പെടുത്തുന്നില്ല

2012-13 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ച് പഞ്ചായത്തിനു കൈമാറിയ കുടുംബശ്രീ വിപണനകേന്ദ്രം നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. അയിലൂർ ബസ്സ് സ്റ്റാന്റിനോടു ചേർന്ന് 400m2 വിസ്തൃതിയുള്ളതും വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത കെട്ടിടം പ്രയോജനപ്പെടുത്താതിരിക്കുന്നത് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിനു തുല്യമായി ഓഡിറ്റ് വീക്ഷിക്കുന്നു. പ്രവർത്തനസജ്ജമായ കുടുംബശ്രീ യൂണിറ്റുകളുള്ള ഗ്രാമ പഞ്ചായത്തിൽ അവരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായകരമായ രീതിയിൽ കെട്ടിടം ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് AMC -കരാറുകാരന് അധിക തുക നൽകി

പ്രൊജക്റ്റ് നം - 39/15-16 തെരുവ് വിളക്ക് - അറ്റകുറ്റ പ്രവർത്തി AMC

അടങ്കൽ - 500000/-(തനതു ഫണ്ട്)

നിർവ്വഹണം -സെക്രട്ടറി

കരാറുകാരൻ - PV.ശ്രീനിവാസൻ

കരാർ നം & കാലാവധി 09/19.01.15 -(19.01.15 to 18.01.16)

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള കരാർ പ്രകാരമുള്ള കൂലി നിരക്ക്

| ക്രമ നം | ഇനം | നിരക്ക്(ഒരു എണ്ണത്തിന്) |
|---|---|---|
| 1 | Single tube 40 w | 250 |
| 2 | Double tube 80w | 285 |
| 3 | CFL | 100 |
| 4 | Sodium weper lamp | 1050 |

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള കരാർ പ്രകാരമുള്ള നിരക്കിൽ അധികരിച്ചും, തെരുവ് വിളക്ക് റിപ്പയർ ചെയ്തതായി ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിനേക്കാൾ കൂടുതൽ എണ്ണത്തിന് തുക കരാറുകാരന് നൽകിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

A)മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിനേക്കാൾ കൂടുതൽ എണ്ണത്തിന് തുക നൽകിയത്.

| ക്രമ നം | വൌച്ചർ നം | ബിൽ നം | ഇനം | മെമ്പർമാർ സാക്ഷ്യപ്പെടുത്തി റിപ്പയർ ചെയ്ത എണ്ണം | ബില്ലിൽ രേഖപ്പെടുത്തിയ എണ്ണം. | നിരക്ക് | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| 1 | 21500614/ 2611.15 | -/22.9.15 /272230/- | Single tube 40 w | 112 | 124 | 250 | 31000 | 28000 | 3000 |
| 2 | 21501032/ 30.03.16 | -/21.3.16 /215170/- | Single tube 40 w | 173 | 182 | 250 | 45500 | 43250 | 2250 |
| 3 | ; | ' | Sodium vapour lamp | 5 | 8 | 1050 | 8400 | 5250 | 3150 |
| 4 | | | ആകെ | | | | | | 8400 |

B)കരാർ പ്രകാരമുള്ള നിരക്കിൽ അധികരിച്ച് തുക നൽകിയത്.

| ക്രമ നം | വൌച്ചർ നം | ബിൽ നം | ഇനം | കരാർ പ്രകാരമുള്ള നിരക്ക് | ബില്ലിൽ രേഖപ്പെടുത്തിയ നിരക്ക് | മെമ്പർമാർ സാക്ഷ്യപ്പെടുത്തി റിപ്പയർ ചെയ്ത | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | എണ്ണം | | | |
| 1 | 21500614/ 2611.15 | -/22.9.15 /272230/- | Sodium vapour lamp | 1050 | 1150 | 12 | 13800 | 12600 | 1200 |
| 2 | 21501046/ 31.3.16 | -/5.12.15 /107730/- | ; | 1050 | 1150 | 4 | 4600 | 4200 | 400 |
| | | | | | | | | ആകെ | 1600 |

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള കരാർ പ്രകാരമുള്ള നിരക്കിൽ അധികരിച്ചും, തെരുവ് വിളക്ക് റിപ്പയർ ചെയ്തതായി ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിനേക്കാൾ കൂടുതൽ എണ്ണത്തിന് തുക നൽകിയതുൾപ്പെടെ (8400+1600) 10000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. റിപ്പയർ ചെയ്ത പഴയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/19.10.16 അനുസരിച്ച് പ്രസ്തുത തുക രസീതികൾ 11602102024/20.10.16-3150, 11602102022/20.10.16-4200, 11602102023/ 20.10.16-2650 എന്നിവ പ്രകാരം അടവാക്കിയിട്ടുണ്ട്.

## 3-7 KWA യുടെ നിയന്ത്രണത്തിലുള്ളതും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 130 പൊതുടാപ്പുകളുടെ വെള്ളക്കരം - പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല

KWA (എക്സി.എഞ്ചിനീയർ PH Division പാലക്കാട്) യുടെ 6.10.15 ലെ 4213 നം ബിൽ പ്രകാരം 09/15,10/15 എന്നീ മാസങ്ങളിലെ വെള്ളക്കരം 113750/-രൂപയും (56875x2=113750) 09/15 ലെ പിഴ 1138/-രൂപയുമടക്കം 114888/-രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നു. തൻമാസം പിഴ ഒഴിവാക്കി 113750/- രൂപ അടച്ചു. (വൌച്ചർ നം 21500500/16.10.15) വൌച്ചർ നം 21500667/26.12.15 പ്രകാരം 12/15 ലെ 56875/- രൂപ വെള്ളക്കരവും 09/15 ലെ 1138/- രൂപ പിഴയും ചേർത്ത് 58013/- രൂപ അടവാക്കിയിട്ടുണ്ട്. പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല. ആയതിനാൽ പിഴയിനത്തിൽ അടവാക്കിയ1138/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/19.10.16 ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറുന്നതുമായി ബന്ധപ്പെട്ട തിരക്കുമൂലമാണ് വെള്ളക്കരം അടവാക്കാൻ വൈകിയത് എന്നറിയിച്ചിട്ടുണ്ട്.

## 3-8 മുൻകൂർ തുക നൽകിയത് -ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നം.21500148/06.06.15 പ്രകാരം 10000/- രൂപ GUPS അയിലൂർ ഹെഡ് മാസ്റ്റർക്ക് അതുല്യം പ്രൊജക്ടിന് (22/15-16) മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/19.10.16) ലഭ്യമാക്കിയ മറുപടിയിൽ മുൻകൂർ തുക തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തിരിച്ചടക്കുന്നതുവരെ ചെലവ് തുക 10000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2015-16സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (78121*12) 937452/-രൂപ അടവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പേജ് 67 പ്രകാരം താഴെ പറയും പ്രകാരം തെരുവു വിളക്കുകൾ ഉണ്ട് .

| ഇനം | വാട്സ് | എണ്ണം | തുക |
|---|---|---|---|
| ഡബിൾ ട്യൂബ് | 2*40 | 272 | |
| എസ്.വി . ലാമ്പ് | 250 | 4 | |
| മെർക്കുറി വി.ലാമ്പ് | 250w | 4 | |
| സി.എഫ്.എൽ . ലാമ്പ് | 2*11w | 131 | |
| സി.എഫ്.എൽ . ലാമ്പ് | 1*11 w | 5 | |
| ഓർഡിനറി | 25w | 90 | |
| " | 40w | 314 | |
| ' | 60w | 81 | |
| സിംഗിൾ ട്യൂബ് | 40w | 114 | |
| | ആകെ പ്രതിമാസ വൈദ്യുതി ചാർജ്ജ് | | 78121/-രൂപ |

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കാർ നിർദ്ദേശിച്ചുണ്ട് . (ബി.ഒ.(എഫ്.ബി.)നമ്പർ 496/2004 (എൽ.ജി/സി.ഒ.എം.3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തി വൈദ്യുത ഉപയോഗം കൂടുതലുള്ള സാധരണ ബൾബ് 40 w, സാധരണ ബൾബ് 60 w,സോഡിയം വേപ്പർ ലാമ്പ് 250 w, ഡബിൾ ട്യൂബ് ലൈറ്റുടങ്ങിയ ഉപയോഗക്ഷമത കുറവും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതുമായ ബൾബുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും വെള്ളിച്ചം കൂടുതലുമുള്ള സി.എഫ്.എൽ, എൽ.ഇ.ഡി. ലാമ്പുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പഞ്ചായത്തുതല ജനകീയ സമതി യോഗം ചേർന്ന് പരിശോധിച്ച് പ്രകാശിക്കുന്ന ഉപകരണങ്ങൾക്കുമാത്രം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 EMS ഭവന നിർമ്മാണ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2009-10ലെ EMS ഭവന നിർമ്മാണം പദ്ധതി പ്രകാരം ധനസഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക പൂർണ്ണമായും (75000/-) കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ഡി ഡി നമ്പർ / തിയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അയിഷക്കുട്ടിW/Oയാഹു ഒലിപ്പാറ | 65/7.05.10 | 10000 |
| | | 305/7.06.10 | 42500 |
| | | 1633/28.9.10 | 15000 |
| 2 | ലീലW/Oസുന്ദരൻ നീലംകോട്, തിരുവഴിയാട് | 235/27.05.10 | 10000 |
| | | 493/28.06.10 | 42500 |
| | പാത്തുട്ടി w/o മുസ്തഫ കുന്നങ്കാട്ട് | 402/11.06.10 | 10000 |
| | | 642/19.07.10 | 42500 |
| 4 | കമലംw/oദാമോദരൻ നീലംകോട്, തിരുവഴിയാട് | 682/16.08.10 | 10000 |
| | | 1638/30.09.10 | 42500 |
| 5 | ശാന്തകുമാരി s/o സുധീഷ് കുമാർ പെരുമ്പറമ്പിൽ കയറാടി | 957/7.4.10 | 10000 |
| | | 290/7.6.10 | 42500 |
| | | 668/21.7.10 | 15000 |
| 6 | ദേവൂ w/o ആറുമുഖൻ, ഒറ്റപ്പുര തിരുവഴിയാട് | 984/7.4.10 | 10000 |
| | | 112745/25.2.11 | 42500 |
| | | 112410/6.9.10 | 15000 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.21/20.10.16-ന് നൽകിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-11 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 42 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 35 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 7 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 42 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | 0 |
| 6. | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 31 |
| 7. | വൈദ്യുതി ഉള്ളവ | 35 |
| 7. | കുടിവെള്ളം ലഭ്യമായവ | 42 |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 17 |
| 17. | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | അതെ |
| 18 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | സാമൂഹ്യ ക്ഷേമ വകുപ്പ്. |

സ.ഉ.നം.39033/ഡിസി2/2010/തസ്വഭവ 3.09.10 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടികളിൽ വൈദ്യുതീകരണം, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-12 വികലാംഗർക്ക് ഉപകരണം നൽകൽ- വിതരണം ചെയ്യാത്ത ഉപകരണം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് : 7/16 വികലാംഗർക്ക് ഉപകരണം നൽകൽ

അടങ്കൽ : 470900 രൂ

ചെലവ് : 470900 രൂ (9/15-16/26.03.16-205800,

10/15-16/26.03.16 -265100)

നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ പി എച്ച് സി

ൽപ്പറഞ്ഞ പ്രോജക്ടിനായി കെൽട്രോൺ(കുറ്റിപ്പുറം) മുഖേന 10.03.16-ന് മെഡിക്കൽ ക്യാമ്പ് നടത്തുകയും ാമ്പിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് വിവിധ ഉപകരണങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. യതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം.MKTG/010/K/ 18.03.16പ്രകാരം ു900രൂപയ്ക്ക് (ഡിഡി.നം. 629857/27.0416) ക്യാമ്പിൽ പങ്കെടുത്ത 88പേർക്ക് നൽകുന്നതിനായി കരണങ്ങൾ വാങ്ങിയിരിക്കുന്നു. ഇതിലുൾപ്പെട്ട LS coreset38”-(310/-) എന്ന ഉപകരണം 4എണ്ണം ങ്ങിയതിൽ മൂന്നെണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് ന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഉപകരണം നിർദ്ദേശിച്ചിരുന്നവരിൽ കുപ്പായി എന്ന നഭോക്താവ് ഉപകരണം വിതരണം ചെയ്യും മുമ്പ് മരണപ്പെട്ടുവെന്നും ക്യാമ്പിൽ പങ്കെടുത്ത മറ്റാർക്കും കരണം നിർദ്ദേശിക്കാത്തതിനാൽ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്താൻ സാധിക്കാത്തതിനാൽ കരണം അയിലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നുമാണ്. ഉപകരണം ഞ്ചായത്ത് തീരുമാനപ്രകാരം മറ്റൊരു ഗുണഭോക്താവിന് ഉപയോഗപ്പെടുത്തുവാനുള്ള നടപടി ീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നം | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ചേവക്കുളം കുടിവെള്ള പദ്ധതി 48/16 | 300000 | 0 |
| | 570000 | ഇടശ്ശേരി പറമ്പ് കുടിവെള്ള പദ്ധതി | 508776 | 61224 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| 1 | 251/15-16 കൽചാടി കോളനി DWSS 3 ഫേസ് ലൈൻ ദീർഘിപ്പിക്കൽ | 1)8/15-16 /30.07.15 | 127900 | 127900 | പൂർത്തീകരിച്ച |
| | | 2)9/15-16 /30.7.15 | 87805 | 87805 | |
| 2 | 29/15-16 സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ -വാർഡ് 15 | 45/15-16 /31.3.16 | 77440 | | " |
| 3 | 275/15-16 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (LED) | 41/15-16 /29.3.16 | 109078 | | " |
| 4 | 247/15-16 സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ വാർഡ് -10 | 21/15-16 /16.1.16 | 99440 | | " |
| 5 | 248/15-16 സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 23/15-16 /30.1.16 | 39275 | | " |
| | | ആകെ | 540938/- | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|

| |
|---|
| ഒന്നുമില്ല |

ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പ തുക | തിരച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| ഇ എം എസ് ഭവനവായ്പ | 957/2010/ 20.032010 | 19153500 | 8461150 | 1900000 | - | 6561150 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

| ക്രമ നം. | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | | | | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55049371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86750109 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 288 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22285 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 288 | സെക്രട്ടറി<br>കെ. നടരാജൻ |
| 3-1 | 19296 | അസിസ്റ്റന്റ്<br>എഞ്ചിനീയർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1138 | ശ്രീ.മുരളീധരൻ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 3-2

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ. നടരാജൻ<br>സെക്രട്ടറി | വിരമിച്ചു | ശ്രീലകം,<br>ചക്കാന്തറ,<br>നെന്മാറ |
| തോമസ്.പി. ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>അയിലൂർ ഗ്രാമപഞ്ചായത്ത് | പൂച്ചാലിൽ വീട്<br>പുത്തൻവേലിക്കര<br>നോർത്ത് പറവൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1996-97 | LFP6-674/98/4.11.99 | എല്ലാ ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നു. |
| 1997-98 | L.F.p10-850/2002/ 12.9.2002 | ,, |
| 1998-99 | LF.p-12/417/3.12.2005, LF.p13-289/2003 /7.7.2003 | ,, |
| 1999-2000 | L.F.p12-246/2007/ 2.4.2007 | ,, |
| 2000-2001 | L.F.p12-441/2006/ 16.10.2006 | ,, |
| 2001-2002 | L.F.p12-442A/2006/ 12.12.2006 | ,, |
| 2002-2003 | L.F.p18-1720(a)/25.6.2012 | ,, |

| | | |
|---|---|---|
| 2003-2004 | L.F.p12-28/2007/ 12.9.2007 | ,, |
| 2004-2005 | L.F.p18-1720(b)/2008/ 25.6.2012 | ,, |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | ,, |
| 2006-2007 | L.F.p18-48/14/14.2.14 | ,, |
| 2007-2008 | L.F.p18-48(1)/14/14.2.14 | ,, |
| 2008-2009 | L.F.p18-1065/12/15.6.12 | ,, |
| 2009-2010 2010-2011 | L.F.p18-76/13/23.3.12 | ,, |
| 2011-2012 | L.F.p18-1271/2014/ 30.12.14 | ,, |
| 2013-14 & 2014-15 | KSA.PKD.18/465 /16/25.06.16 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

# അനുബന്ധം 1

നം.കെ.എസ്.എ-പികെഡി-18-22/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി. 06-01-2017

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻറെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ്ശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയിലൂർ ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. അയിലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം 100-ലെ 31.03.2016 ലെ നീക്കിയിരുപ്പ് ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വിവിധ ബാങ്ക്/ ട്രഷറി ബാലൻസുകളും കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ, വായ്പകൾ, സ്ഥാവര ജംഗമ ആസ്തികൾ തുടങ്ങിയ ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

<u>Audit Certificate</u>

Certified that I have examined the Annual Financial Statement of AYILOOR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of AYILOOR GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

<u>Abstract of defects</u>

1. The balance amount as on 31.03.16 in Ayiloor Service Co-operative Bank in the A/c.No.100 is not in agreement with cash book.
2. The balance amount in treasury/bank, all the details of receivable and payable, assests and liabilities are not included in the balance sheet.

Deputy Director